# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 17 | 2022 |
|---|---|---|

## ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664
www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

# ഇത്തവണ കാനനപാതയിലും വെളിച്ചമെത്തി, 24 മണിക്കൂറും മുടങ്ങാതെ സേവനമൊരുക്കി കെ എസ് ഇ ബി

ശബരിമലയിലേക്കുള്ള പരമ്പരാഗത കാനനപാതയിലും വെളിച്ചമെത്തിച്ച് കെ.എസ്.ഇ.ബി. ഇത്തവണ കാനനപാതയിലെ വല്യാനവട്ടം, ചെറ്യാനവട്ടം എന്നിവിടങ്ങളിലേക്ക് കവേർഡ് ക ക്ടർ ഉപയോഗിച്ച് ലൈൻ വലിച്ച് വൈദ്യുത കണക്ഷൻ നൽകി. ജില്ലയിൽ തന്നെ ആദ്യമായാണ് കവേർഡ് ക ക്ടർ ഉപയോഗിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നത്. ഇതുകൂടാതെ സന്നിധാനം , പമ്പ എന്നീ പ്രദേശങ്ങളിൽ നാലായിരത്തോളം തെരുവുവിളക്കുകളും സ്ഥാപിച്ചു. ഭൂരിഭാഗവും എൽ.ഇ.ഡി ലൈറ്റുകളാണ് ഇത്തവണ സ്ഥാപിച്ചിരിക്കുന്നതെന്നും പ്രത്യേകതയാണ്. ചുരുക്കം ചിലയിടങ്ങളിൽ മാത്രമാണ് ഫ് ളൂറസെന്റ് ട്യൂബുകൾ സ്ഥാപിച്ചിരിക്കുന്നത്. കാനനപാതയിലെ കൂടുതൽ പ്രദേശങ്ങളിലേക്കും എൽ.ഇ.ഡി വിളക്കുകകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നുവരികയാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ നിന്നുള്ള നാൽപ്പത്തിയഞ്ചോളം ജീവനക്കാരാണ് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലേക്ക് മുടങ്ങാതെ വൈദ്യുതിയെത്തിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്. പത്തനംതിട്ട സർക്കിളിന് കീഴിലുള്ള റാന്നി - പെരുനാട് സെക്ഷനാണ്

പമ്പയിലേയും സന്നിധാനത്തെയും ചുമതല.

ശബരിമല, പമ്പ തുടങ്ങിയ പ്രദേശങ്ങളിലെ വൈദ്യുതി സംബന്ധമായ അറ്റകുറ്റപ്പണികൾ ശബരിമല തീർത്ഥാടനം തുടങ്ങുന്നതിന് മൂന്നുമാസം മുമ്പ് തന്നെ പൂർത്തിയായിരുന്നു. പമ്പ, സന്നിധാനം എന്നിവിടങ്ങളിലേക്ക് വൈദ്യുതി എത്തിക്കുന്നത് ത്രിവേണിയിലെ ഫീഡറിൽ നിന്നാണ്. ഏരിയൽ ബഞ്ച്ഡ് കേബിൾ (എ.ബി.സി) ഉപയോഗിച്ച് വൈദ്യുതവിതരണം നടത്തിയിരിക്കുന്നതിനാൽ വൈദ്യുത തടസം പൂർണമായും ഒഴിവാക്കാനായി. വന്യമൃഗങ്ങൾക്കും തീർത്ഥാടകർക്കും അപകടങ്ങൾ ഉ ാകാനുള്ള സാധ്യതയും ഒഴിവാക്കി. സംസ്ഥാനത്ത് നിലവിലുള്ള പൂർണമായും കവചിതമായ ഏക വൈദ്യുതി വിതരണ സംവിധാനമാണ് ശബരിമലയിലുള്ളതെന്നും പ്രത്യേകതയാണ്. പമ്പ ത്രിവേണിയിൽ ഒരേ സമയം മൂന്നുവാഹനങ്ങൾക്ക് വരെ ചാർജ് ചെയ്യാൻ സാധിക്കുന്ന വിധം ഒരു ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനും കെ.എസ്.ഇ.ബി സ്ഥാപിച്ചിട്ടു ്. ഇതിനുപുറമെ കക്കാട് സെക്ഷന് കീഴിലുള്ള ഇലവുങ്കലിൽ മോട്ടോർ വാഹന വകുപ്പിന്റെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് ആവശ്യമായ പുതിയ ട്രാൻസ്ഫോർമറും സ്ഥാപിച്ചു.

(പി.ആർ.ശബരി - 164)

